**Malayala Manorama**

**19 August 2018**

**Thoppumpady, Flood, Rescue Activity, Fishermen**



## രക്ഷാദൗത്യവുമായി മൽസ്യത്തൊഴിലാളികളും

തോപ്പുംപടി • പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വള്ളങ്ങളിലും ബോട്ടുകളിലുമായി മൽസ്യത്തൊഴിലാളികൾ സജീവം. ഫോർട്ട് ചെല്ലാനം മുതൽ വൈപ്പിൻ വരെയുള്ള തീര പ്രദേശത്ത് നിന്നു നൂറുകണക്കിന് മൽസ്യത്തൊഴിലാളികളാണ് മീൻപിടിത്ത വള്ളങ്ങളിൽ ആളുകളെ രക്ഷപ്പെടുത്തി കരയ്ക്ക് എത്തിക്കുന്നത്.

ആദ്യ ദിവസം 35 വള്ളങ്ങളും രണ്ടാം ദിവസം 77 വള്ളങ്ങളും ഇന്നലെ 38 വള്ളങ്ങളും രക്ഷാ പ്രവർത്തനത്തിനുണ്ടായിരുന്നു.